# പ്രവാചക സന്ദേശത്തിന്റെ ആധുനിക പ്രസക്തി

ടി.കെ. ഉബൈദ്

**മർത്യവർഗത്തിന്റെ** മാർഗദർശനത്തിനായി ദൈവം നിയോഗിച്ച പ്രവാചകന്മാർ നൽകിയ സന്ദേശം ഇതായിരുന്നു: മനുഷ്യനുൾപ്പെടെയുള്ള ഈ പ്രപഞ്ചം ഏകനും അവിഭാജ്യനും അനന്തനും അനാദിയും സർവശക്തനുമായ ദൈവത്തിന്റെ സൃഷ്ടിയാണ്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് തന്നെയാണ് അതിനെ സംരക്ഷിച്ച് പരിപാലിച്ചുകൊണ്ടിരിക്കുന്നതും. പ്രപഞ്ചത്തിൽ സംഭവിക്കുന്നതെന്തും അവന്റെ നിയമവും നിശ്ചയവുമനുസരിച്ചാണ്. അവന്റെ നിയമത്തെയാണ് നാം പ്രകൃതിനിയമം എന്നു പറയുന്നത്. മനുഷ്യനല്ലാത്ത സൃഷ്ടികളഖിലം പൂർണമായും പ്രകൃതിനിയമത്തിന് വിധേയരാണ്. എന്നാൽ മനുഷ്യന് ചില കാര്യങ്ങളിൽ സ്വാതന്ത്ര്യമുണ്ട്. അവൻ ഇഛാശക്തിയുടെയും വിവേചനബോധത്തിന്റെയും ഉടമയാണ്. അതുകൊണ്ട് ഈ രണ്ട് യോഗ്യതകൾക്കും സ്വാധീനമുള്ള കർമമേഖലയിൽ അവർക്ക് സ്വതന്ത്രമായ തിരഞ്ഞെടുപ്പ് നടത്താം. പക്ഷേ, ഈ തെരഞ്ഞെടുപ്പും ദൈവികനീതിക്ക് അഥവാ പ്രകൃതിനിയമത്തിന് അനുഗുണമാകുമ്പോഴേ മനുഷ്യജീവിതം വികസ്വരവും വിജയകരവുമാകൂ. മറ്റുവിധത്തിൽ പറഞ്ഞാൽ ദൈവിക നിയമങ്ങൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുകയും അങ്ങനെ ഭൂമിയെ സംസ്കരിക്കുകയുമാണ് മനുഷ്യന്റെ ധർമം. ഭൂമിയെ സംസ്കരിക്കുന്നതിനു വേണ്ടി ദൈവത്തിന്റെ പ്രതിനിധിയായി നിയോഗിക്കപ്പെട്ടവനാണ് മനുഷ്യൻ.

മനുഷ്യന്റെ ജീവിതം ക്ഷണികമായ ഭൂവാസത്തോടുകൂടി അവസാനിക്കുന്നില്ല. മരണത്തോടെ അവൻ അനന്തമായ ഒരു ജീവിതത്തിലേക്ക് കടക്കുകയാണ്. ഓരോ മനുഷ്യനും ഈ ഭൂമിയിൽ നടത്തിയ നിർമാണങ്ങളെ അഥവാ ദൈവിക നിയമങ്ങളോടനുവർത്തിച്ച പ്രാതിനിധ്യത്തെ ആശ്രയിച്ചിരിക്കുന്നു മരണാനന്തര ജീവിതത്തിൽ അവരുടെ സുഖ ദുഃഖങ്ങൾ. ഭൂമിയിൽ വെച്ച് മനുഷ്യൻ ചെയ്ത കർമം അണുഅളവ് പോലും പാരത്രിക രക്ഷാശിക്ഷകളുടെ നിർണയത്തിൽ പരിഗണിക്കപ്പെടാതിരിക്കുകയില്ല.

ദൈവത്തെയും അവനോടുള്ള ബാധ്യതയെയും സംബന്ധിച്ച ബോധം ഓരോ മനുഷ്യന്റെയും മനസ്സിന്റെ അടിത്തട്ടിൽ പ്രകൃത്യാ നിക്ഷിപ്തമായിട്ടുണ്ട്. ബോധവും ബുദ്ധിയും ഉപയോഗിച്ച് മനുഷ്യന് ഒരളവോളം അവയെ സ്വയം ജാഗ്രത്താക്കാവുന്നതാണ്. എന്നാലും ദൈവേഛയെ പ്രായോഗിക ജീവിതത്തിൽ പകർത്തുന്നതിന് അവർക്ക് ഒരു മാർഗദർശകൻ കൂടിയേ തീരൂ. ഈ മാർഗദർശകനാണ് പ്രവാചകൻ. പ്രവാചകനെ തിരിച്ചറിഞ്ഞാൽ പിന്നെ അദ്ദേഹത്തെ അനുഗമിച്ചാൽ മതി. അദ്ദേഹം ദൈവിക നിയമങ്ങളുടെ വ്യാഖ്യാതാവും പ്രയോക്താവുമാണ്.

### എല്ലാ പ്രവാചകന്മാരുടെയും സന്ദേശം ഒന്നുതന്നെ

പ്രവാചക സന്ദേശത്തിലെ ഈ മൂന്നു പോയന്റുകളെ സാങ്കേതിക ഭാഷയിൽ തൗഹീദ്, ആഖിറത്ത്, രിസാലത്ത് (ഏകദൈവത്വം, പരലോകം, ദൈവിക ദൗത്യം) എന്ന് വിളിക്കുന്നു. ഈ മൂന്നു സന്ദേശങ്ങൾ തന്നെയായിരുന്നു ഈ ലോകത്താഗതരായ എല്ലാ പ്രവാചകന്മാരും താന്താങ്ങളുടെ പ്രബോധിതർക്ക് നൽകിയത്. സെമിറ്റിക്പ്രവാചകന്മാരെക്കുറിച്ച് ഖുർആൻ പറയുന്നു: "നാം ഇബ്റാഹീമിന് ഇസ്ഹാഖ്, യഅ്ഖൂബ് തുടങ്ങിയ സന്തതികളെ പ്രദാനം ചെയ്തു. എല്ലാവർക്കും സന്മാർഗം കാണിക്കുകയും ചെയ്തു. നേരത്തേ നൂഹിനു കാണിച്ചുകൊടുത്തിട്ടുണ്ടായിരുന്ന അതേ സന്മാർഗം തന്നെ. അദ്ദേഹത്തിന്റെ വംശത്തിൽപെട്ട ദാവൂദിനും സുലൈമാന്നും അയ്യൂബിനും യൂസുഫിനും ഹാറൂനിനും നാം ഇതേ സന്മാർഗം കാണിച്ചിട്ടുണ്ട്. സകരിയ്യയും യഹ്‌യയും ഈസായും ഇല്യാസും ഇതേ സന്മാർഗം പ്രാപിച്ചവരാകുന്നു" (ഖുർആൻ: 6: 84).

പ്രവാചകന്മാരുടെ വെളിപാടുകൾ കാലാന്തരത്തിൽ മാറിക്കൊണ്ടിരുന്നിട്ടില്ല. മാറ്റമില്ലാത്ത, സ്ഥായിയും സനാതനവുമായ ഒരു സത്യമാണ് അവർ പറഞ്ഞിരുന്നത്. അതായത് പ്രവാചക പരമ്പരയുടെ ചരിത്രം ഒരന്വേഷണ പരമ്പരയുടെ ചരിത്രമല്ല. ഒരുത്തരത്തിന്റെ തുടർച്ചയായ ആവർത്തനത്തിന്റെ ചരിത്രമാണ്. ആവർത്തനം ആവശ്യമായിരുന്നേടത്തോളം കാലം അതാ

വർത്തിച്ചുകൊണ്ടിരുന്നു. പിൽക്കാലത്ത് വെളിപാടുകൾ അവസാനിച്ചുപോയതെന്തുകൊണ്ട് എന്ന ചോദ്യത്തിനു ത്തരം തേടുമ്പോൾ ഈ വസ്തുത പ്രസക്തമായിത്തീരുന്നു.

ആദ്യ പിതാവിനു ശേഷം ഈ ഭൂമിയിൽ വന്ന ഒരു പ്രവാചകനും താനൊരു പുതിയ വെളിപാടുമായിട്ടാണ് ആഗതനായിട്ടുള്ളതെന്ന് വാദിച്ചിരുന്നില്ല. താനൊരു ഓർമപുതുക്കുന്നവനാണെന്നായിരുന്നു ഓരോരുത്തരും അവകാശപ്പെട്ടിരുന്നത്. എബ്രഹാമും മോശയും യേശുവും മുഹമ്മദും ഒന്നും ഇതിൽനിന്നൊഴിവല്ല. അല്ലാഹു മുഹമ്മദ് നബി(സ)യോട് പറയുന്നു: "താങ്കൾക്കു മുമ്പ് നാം ഏതൊരു ദൂതനെയും നിയോഗിച്ചിട്ടുള്ളത്; ഞാനല്ലാതെ വേറെ ദൈവമില്ല, അതിനാൽ എനിക്ക് മാത്രം ഇബാദത്ത് ചെയ്യണം എന്ന വെളിപാട് നൽകിക്കൊണ്ട് മാത്രമാകുന്നു" (ഖുർആൻ 21: 26). വിശുദ്ധ ഖുർആനിനെക്കുറിച്ച് അല്ലാഹു പറയുന്നു: "വളരെ ഉത്തമവും അനുഗൃഹീതവും പൂർവ വേദങ്ങളെ സത്യപ്പെടുത്തുന്നതുമായ ഒരു വേദമത്രെ ഇത്" (ഖുർആൻ: 6: 92).

പ്രവാചക സന്ദേശങ്ങളെയും വേദഗ്രന്ഥങ്ങളെയും ദിക്റ് – അനുസ്മരണം– എന്നാണ് ഖുർആൻ പലയിടത്തും വ്യവഹരിച്ചിട്ടുള്ളത്. ഓരോ പ്രവാചകന്റെയും സന്ദേശം മനുഷ്യന്റെ ഉപബോധ മനസ്സിൽ ഉറങ്ങിക്കിടക്കുന്നതും മുൻ പ്രവാചകനാൽ ഉണർത്തപ്പെട്ട ശേഷം വിസ്മൃതമായിപ്പോയതുമായ സത്യമാണ് എന്ന് ഈ പദപ്രയോഗം തന്നെ സൂചിപ്പിക്കുന്നുണ്ട്.

മനുഷ്യർ പരസ്പരബന്ധമില്ലാത്ത വിദൂര മേഖലകളിൽ കൊച്ചുകൊച്ചു ഗോത്രങ്ങളായി കഴിഞ്ഞുകൂടിയിരുന്ന കാലത്ത് ഓരോ ഗോത്രത്തിലേക്കും സമൂഹത്തിലേക്കും പ്രത്യേകം പ്രത്യേകം പ്രവാചകന്മാർ നിയുക്തരാവുകയായിരുന്നു. ലൂത്വ്, സ്വാലിഹ്, ശുഐബ് തുടങ്ങിയ പ്രവാചകന്മാരുടെ പ്രവർത്തനമണ്ഡലം അവരുടെ ഗോത്രങ്ങൾ മാത്രമായിരുന്നു. ലോകത്തിലെ എല്ലാ ജനതകളിലും ഒരേസമയം പ്രബോധനം ചെയ്യുക അന്നത്തെ സാഹചര്യത്തിൽ ഒരു പ്രവാചകന്നും സാധ്യമായിരുന്നില്ല. അതുകൊണ്ട് ഒരേ കാലത്തുതന്നെ അനേകം പ്രവാചകന്മാർ നിയുക്തരാവുക അന്ന് അപൂർവമായിരുന്നില്ല. ഓരോ പ്രവാചകന്റെയും സന്ദേശങ്ങൾ അവരുടെ കാലശേഷം തനിമയോടെ സൂക്ഷിക്കപ്പെടാൻ മാത്രം അന്നത്തെ ലേഖനവിദ്യ വളർന്നിരുന്നില്ല. അതുകൊണ്ട് പ്രവാചകന്മാരുടെ കാലശേഷം ആ സന്ദേശങ്ങൾ വിസ്മൃതമാവുകയോ അല്ലെങ്കിൽ പുരോഹിതന്മാർ ഏറ്റെടുത്ത് വികൃതമാക്കുകയോ ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ടാണ് ഒരേ ഗോത്രങ്ങളിൽ തന്നെ ദൈവദൂതന്മാർ ആവർത്തിച്ച് നിയോഗിക്കപ്പെട്ടുകൊണ്ടിരുന്നത്. ഇങ്ങനെ ഗോത്രങ്ങളെ കേന്ദ്രീകരിച്ച് ആഗതരായ പ്രവാചകന്മാരുടെ ചര്യകളിൽ ഗോത്രാനുഭവങ്ങളുടെ സവിശേഷതകളും കണ്ടേക്കാം. കാരണം അവരുടെ സന്ദേശങ്ങൾ സാർവലൗകികമായിരുന്നുവെങ്കിലും ചര്യകൾ അതതു ഗോത്രങ്ങൾക്കു മാത്രം മാതൃകയായിരുന്നുവല്ലോ.

എബ്രഹാമിന്റെ വെളിപാടുകൾ കാലഹരണപ്പെട്ടതുകൊണ്ടല്ല മോശെക്കു വെളിപാടുണ്ടായത്; അത് വിസ്മൃതമായതുകൊണ്ടാണ്. മോശെയുടെ വെളിപാടുകളിലും ഇസ്രായേലീ പുരോഹിതന്മാർ കൈകടത്തി, അതിന്റെ സാരാംശത്തെ ചോർത്തിക്കളഞ്ഞു. മനുഷ്യരെല്ലാവരും ഒരേ മാതാപിതാക്കളുടെ മക്കളും ദൈവത്തിന്റെ സൃഷ്ടികളുമാണ്. അവർ തങ്ങളെ ദൈവത്തിനു സമർപ്പിക്കുകയും അവന്റെ മാത്രം ശാസനയും ഇഛയുമനുസരിച്ച് ജീവിക്കുകയും ചെയ്യണം. ഇതായിരുന്നു മോശെയും പഠിപ്പിച്ചത്. പക്ഷേ പുരോഹിതന്മാർ ഇസ്രായേൽ വംശത്തെ മറ്റു മനുഷ്യരേക്കാൾ വിശിഷ്ടരും ദൈവത്തിന്റെ മക്കളുമായവരോധിച്ചു. ദൈവത്തിന്റെ മക്കൾക്ക് – തെരഞ്ഞെടുക്കപ്പെട്ട ജനത്തിന് – മറ്റു ജനത്തിനു മേൽ ആധിപത്യമുണ്ടെന്നു വാദിച്ചു. മനുഷ്യർ അവരെ ദൈവത്തിന് നേരിട്ട് സമർപ്പിക്കാതെ പുരോഹിതന്മാർക്ക് സമർപ്പിക്കണമെന്നും അവരുടെ ശാസനകളനുസരിച്ച് ജീവിക്കണമെന്നും നിർദേശിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ മോശെയുടെ യഥാർഥ സന്ദേശങ്ങൾ അനുസ്മരിപ്പിക്കാനാണ് യേശു ആഗതനായത്. അതുകൊണ്ടാണ് തന്റെ ദൗത്യത്തെക്കുറിച്ച് 'അദ്ദേഹം ന്യായപ്രമാണങ്ങൾ നീക്കുന്നതിനായിട്ടല്ല, നിവർത്തിക്കുന്നതിനായിട്ടത്രെ ഞാൻ വന്നത്' എന്നു പ്രസ്താവിച്ചത്.

കാലക്രമത്തിൽ യേശുവിന്റെ സന്ദേശങ്ങളും ഭേദഗതികൾക്കു വിധേയമായി. ഗ്രീക്ക് ബഹുദൈവത്വവും റോമൻ ഭൗതികത്വവും അതിന്റെ ഘടകങ്ങളായിത്തീർന്നു. തുടർന്ന് അതൊരു ദുർഗ്രഹമായ ഏക–ബഹുദൈവ മതമായി മാറി. അതോടെ ഏകദൈവത്വം ഉയർത്തിപ്പിടിക്കുന്ന ഒരു പ്രസ്ഥാനം ലോകത്തെവിടെയും ഇല്ലാതായി. അതായത് മനുഷ്യരാശി ഒന്നടങ്കം അസ്തിത്വത്തിന്റെ മൗലിക സിദ്ധാന്തത്തിൽനിന്ന് വ്യതിചലിച്ചുകഴിഞ്ഞു. ഈ വ്യതിചലനം മനുഷ്യൻ അതുവരെ കെട്ടിപ്പടുത്ത നാഗരികസൗധത്തെ അതിവേഗം ജീർണിപ്പിച്ചുകൊണ്ടിരുന്നു.

## ഏകദൈവത്വത്തിന്റെ പ്രസക്തി

ഏകദൈവത്വത്തിന്റെ പ്രസക്തിയെന്താണ്? അല്ലെങ്കിൽ, ദൈവം ഇല്ലെന്നോ പല ദൈവങ്ങളുണ്ടെന്നോ മനുഷ്യൻ വിശ്വസിച്ചതുകൊണ്ടെന്താണ് കുഴപ്പം? പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്നോ, ഒരു സ്രഷ്ടാവേ ഉള്ളൂ എന്നോ ഉള്ള ഒരു കേവല വാർത്ത ജനങ്ങളെ അറിയിക്കുകയല്ല പ്രവാചകദൗത്യത്തിന്റെ കാതൽ. മനുഷ്യനെ സംബന്ധിച്ചേടത്തോളം, തന്നെയും താനുൾക്കൊള്ളുന്ന പ്രപഞ്ചത്തെയും സംബന്ധിച്ച വ്യക്തമായ അറിവാണ് അവന്റെ ജീവിതവീക്ഷണം അല്ലെങ്കിൽ പ്രപഞ്ചവീക്ഷണം കരുപ്പിടിപ്പിക്കുന്നത്. ഈ അറിവിന്റെ ആദ്യക്ഷരമാണ് തന്റെയും പ്രപഞ്ചത്തിന്റെയും പ്രഭവകേന്ദ്രവും ഏകവും അവിഭാജ്യവും നിത്യജാഗ്രത്തുമായ ഒരു മഹാശക്തിയാണ് എന്ന യാഥാർഥ്യം. ഈ അറിവ് പിഴക്കുന്നതോടെ അവന്റെ പ്രപഞ്ചവീക്ഷണവും ജീവിതത്തിന്റെ അടിത്തറയും പ്രഥമ ചുവടും പിഴക്കുന്നു. പിന്നെ ആ വഴിക്കുള്ള ഓരോ ചുവടും അവനെ യാഥാർഥ്യത്തിൽനിന്ന് കൂടുതൽ കൂടുതൽ അകറ്റുന്നു.

ഈയടിസ്ഥാനത്തിലാണ് ശിർക്ക് – ബഹുദൈവത്വം ഒരു മഹാപാപമാണെന്ന് മുഹമ്മദ് നബി(സ) അടക്കമുള്ള പ്രവാചകന്മാരെല്ലാവരും പഠിപ്പിച്ചത്. ദൈവത്തിന്റേതെന്ന പേരിൽ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് പൂജിച്ചാലും താൽക്കാലികമായ ഒരനുഭൂതി കൈവരുന്നു എന്നതിനെ ഇത് നിഷേധിക്കുന്നില്ല. പക്ഷേ, അത് ക്ഷണികവും അയഥാർഥവുമാണ്; മിഥ്യയും വ്യാമോഹവുമാണ്. ജീവിതത്തിന് സൃഷ്ടിപരമായ മാർഗദർശനം നൽകാൻ അതിനു സാധിക്കുകയില്ല. താൽക്കാലികമായ അനുഭൂതി നൽകുന്നവയായിട്ടും മദ്യവും അഗമ്യഗമനവും ആക്ഷേപിക്കപ്പെടുകയാണല്ലോ. മനുഷ്യന്റെ മഹത്വത്തെ ഹനിക്കുകയും അവരെ അയഥാർഥതയിലേക്കു നയിക്കുകയും ചെയ്യുന്നതിൽ ബഹുദൈവത്വം മദ്യത്തിന്റെയും മദിരാക്ഷിയുടെയും മുന്നിലാണ്.

## മുഹമ്മദ് നബിയുടെ സാഹചര്യം

മനുഷ്യചരിത്രം ഒരാപൽഗർത്തത്തെ അഭിമുഖീകരിച്ചുനിൽക്കുന്ന സന്ദിഗ്ധ ഘട്ടത്തിലായിരുന്നു മുഹമ്മദ് നബി(സ)യുടെ ആഗമനം. ഗ്രീക്ക് ബഹുദൈവത്വവും ഭൗതികതയും ഗ്രസിച്ച ക്രിസ്തുമതത്തിനോ, പൗരോഹിത്യത്തിന്റെ ദാസ്യവേലക്ക് വിധിക്കപ്പെട്ടിട്ടുള്ള ആ മതത്തിനോ മറ്റു വിഗ്രഹമതങ്ങൾക്കോ മനുഷ്യ നാഗരികതയെ അന്ന് രക്ഷിക്കാനാവില്ലായിരുന്നു. ഒരുവശത്ത്, ലോകത്തിന്റെ ആധിപത്യത്തിനുവേണ്ടി പരസ്പരം രക്തപങ്കിലമായ പടയോട്ടം നടത്തുന്ന റോമാ– പേർഷ്യൻ സാമ്രാജ്യങ്ങൾ. ഇരു സാമ്രാജ്യങ്ങളും താന്താങ്ങളുടെ അതിരുകൾ വിപുലീകരിക്കുന്നതിനുവേണ്ടി ദുർബല രാജ്യങ്ങളുടെ നേരെ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന ആക്രമണങ്ങൾ മറുവശത്ത്. മനുഷ്യർക്ക് പരസ്പരം സ്നേഹിക്കാനോ സഹകരിക്കാനോ പ്രചോദനം നൽകുന്ന യാതൊന്നും അന്നുണ്ടായിരുന്നില്ല. ഇതിനിടയിൽ ലോകത്തെങ്ങും ശത്രുതയും അക്രമങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അഭംഗുരം വളർന്നു. ഈ അവസ്ഥയിൽ റോമിനോ പേർഷ്യക്കോ കീഴ്പ്പെടാത്ത ഒരപൂർവ ജനതയായിരുന്നു അറബികൾ. ഏഷ്യയുടെ പടിഞ്ഞാറെ അറ്റത്ത് യൂറോപ്പിനോടും ആഫ്രിക്കയോടും തൊട്ടുകിടക്കുന്ന അറേബ്യൻ ഭൂപ്രദേശം അന്നത്തെ നാഗരിക ലോകത്തിന്റെ ഏതാണ്ട് മധ്യത്തിലാണ് സ്ഥിതിചെയ്യുന്നത്. ഗുഡ്ഹോപ്പ് ചുറ്റിയുള്ള നാവിക മാർഗം അജ്ഞാതമായിരുന്നതുകൊണ്ട് റോമാ, പേർഷ്യൻ യുദ്ധത്തിനിടയിൽ ഏഷ്യയും യൂറോപ്പും തമ്മിലുള്ള വ്യാപാരങ്ങൾ നിലനിർത്തുന്നതിൽ അറബികൾക്ക് വിപുലമായ പങ്കുവഹിക്കാൻ കഴിഞ്ഞു. ഏഷ്യൻ ചരക്കുകൾ യൂറോപ്പിലേക്കും യൂറോപ്യൻ ചരക്കുകൾ ഏഷ്യയിലേക്കും കടത്തിയിരുന്നത് അറബികളായിരുന്നു. ഇരുശക്തികളും സൈനിക സേവനത്തിനു വേണ്ടിയും അറബികളെ വിളിക്കാറുണ്ടായിരുന്നു. അങ്ങനെ നാഗരിക ലോകത്തിന്റെ എല്ലാ ഭാഗങ്ങളുമായി ബന്ധം പുലർത്താൻ അവർക്ക് സാധിച്ചു. ഈ അറബിജനതയിലാണ് ആറാം നൂറ്റാണ്ടിൽ മുഹമ്മദ്(സ) ദൈവിക ദൗത്യവുമായി ആഗതനായത്. അദ്ദേഹം പറഞ്ഞു: ലാഇലാഹ ഇല്ലല്ലാഹ്– അല്ലാഹു മാത്രമാണ് ദൈവം. മനുഷ്യൻ ഏകനായ ദൈവത്തിന്റെ മാത്രം അടിമയായിരിക്കണം. വിഗ്രഹങ്ങളുടെയോ പ്രകൃതിശക്തികളുടെയോ, യജമാനത്വം ചമയുന്ന മനുഷ്യരുടെയോ അടിമകളായിരിക്കരുത്. രാജാക്കന്മാരും ചക്രവർത്തിമാരും അടക്കം ഈ ലോകത്തുള്ള സകലതും ദൈവത്തിന്റെ സൃഷ്ടികളും അടിമകളുമാണ്. അതുകൊണ്ട് ജീവിതത്തെ ദൈവത്തിന് സമർപ്പിക്കുക. അവന്റെ നീതിയും നിയമവും അനുസരിക്കുക. മനുഷ്യർക്കിടയിൽ വംശപരമോ വർഗപരമോ ആയ ഉച്ചനീചത്വങ്ങളില്ല. എല്ലാവരും ഒരേ മാതാപിതാക്കളുടെ മക്കൾ. ദൈവത്തിന്റെ നീതിയും നിയമവും ഏറെ മാനിക്കുന്നവനാരോ അവനാണ് ശ്രേഷ്ഠൻ.

ഇന്നെന്നപോലെ അന്നും നിലവിലുണ്ടായിരുന്ന സാമ്രാജ്യശക്തികൾക്കും വർഗ–വർണ വിവേചനങ്ങൾക്കും ചൂഷണത്തിന്റെയും മർദനത്തിന്റെയും മറ്റെല്ലാ ഉപാധികൾക്കും എതിരായ ഒരാശയമായിരുന്നു ഇത്. അതുകൊണ്ടാണ് തന്റെ മുദ്രാവാക്യത്തെക്കുറിച്ച് മുഹമ്മദ് നബി(സ) ഇങ്ങനെ പറഞ്ഞത്: 'ഞാനും എനിക്കുമുമ്പുള്ള പ്രവാചകന്മാരും പറഞ്ഞ ഏറ്റവും മഹത്തായ വചനമത്രെ ലാഇലാഹ ഇല്ലല്ലാഹ്.' മുഹമ്മദ് നബിയുടെ ദൗത്യത്തെക്കുറിച്ച് ഖുർആൻ പറഞ്ഞു: "അദ്ദേഹം അവർക്ക് നന്മ വിധിക്കുന്നു. തിന്മ വിലക്കുന്നു. ശുദ്ധ വസ്തുക്കൾ അവർക്ക് അനുവദിച്ചു കൊടുക്കുന്നു. അശുദ്ധ വസ്തുക്കളെ നിരോധിക്കുന്നു, അവരെ ഞെരിച്ചുകൊണ്ടിരുന്ന ഭാരങ്ങൾ ഇറക്കിവെക്കുന്നു. അവരെ വരിഞ്ഞുമുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുന്നു" (7:157).

ജാഹിലിയ്യത്തിന്റെ അടിമകളായിരുന്ന അറബികൾ ആദ്യഘട്ടത്തിൽ അതിമഹത്തായ ഈ വിമോചന സൂക്തം ഉൾക്കൊള്ളാൻ മടിച്ചുനിന്നു. എങ്കിലും അതുൾക്കൊണ്ട ചുരുക്കം ചിലരുടെ ജീവിതത്തിൽ വന്ന മാറ്റം അവരെ ബോധവാന്മാരാക്കി. രണ്ടുമൂന്നു ദശകങ്ങൾക്കുള്ളിൽ അറേബ്യ മുഴുവൻ ലാഇലാഹ ഇല്ലല്ലാഹിന്റെ കൊടിക്കീഴിൽ വന്നു. അറേബ്യയുടെ ഭൂപരമായ കിടപ്പും സാമ്രാജ്യ ശക്തികൾക്കിടയിൽ അറബികളുടെ നിലപാടും കാരണമായി പ്രവാചകന്റെ ജീവിതകാലത്തുതന്നെ ആ സന്ദേശം റോമാചക്രവർത്തിയായ സീസറിന്റെയും പേർഷ്യൻ ചക്രവർത്തിയായ ഖുസ്രുവിന്റെയും കൊട്ടാരങ്ങളിൽ മുഴങ്ങിത്തുടങ്ങി. ഭേദഗതികൾക്കും കൈകടത്തലുകൾക്കും പഴുതില്ലാത്തവണ്ണം ഇസ്‌ലാമിക പ്രമാണങ്ങളും വേദങ്ങളും പ്രചുരമാവുകയും ഉല്ലേഖനം ചെയ്യപ്പെടുകയും ചെയ്തു. ഏറക്കുറെ പ്രവാചകന്റെ കാലഘട്ടത്തിൽ തന്നെ ഇസ്‌ലാം അറബികളുടെ മതം എന്ന അവസ്ഥ വിട്ട് റോമക്കാരുടെയും പേർഷ്യക്കാരുടെയും ആഫ്രിക്കക്കാരുടെയും ഇന്ത്യക്കാരുടെയും എല്ലാം മതമായിക്കഴിഞ്ഞിരുന്നു. പേർഷ്യക്കാരനായ സൽമാനുൽ ഫാരിസിയും റോമക്കാരനായ സുഹൈബും ആഫ്രിക്കക്കാരനായ ബിലാലും മുഹമ്മദ് നബി (സ)യുടെ പ്രമുഖ ശിഷ്യന്മാരിൽ ഉൾപ്പെടുന്നു. കേരളീയനായ ചേരമാൻ പെരുമാളും അക്കാലത്ത് തന്നെ ഇസ്‌ലാം മതം വിശ്വസിച്ചതായി ചരിത്രമുണ്ട്.

'ലാഇലാഹ ഇല്ലല്ലാഹ്' എന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഉത്തമ സമൂഹത്തെ വാർത്തെടുക്കുകയായിരുന്നു മുഹമ്മദീയ ദൗത്യം. ഏകദൈവത്തിലും പരലോകത്തിലും വിശ്വസിക്കുക, തദടിസ്ഥാനത്തിൽ നല്ലതു കൽപിക്കുകയും തിയ്യത് വിരോധിക്കുകയും ചെയ്യുക. അങ്ങനെ ലോകത്തിന് നന്മയുടെ മാതൃകയായിരിക്കുക – ഇതാണ് ആ ഉത്തമ സമൂഹത്തിന്റെ ചുമതല. ഈ മാതൃകാപരമായ അവസ്ഥയെ ഖുർആൻ വിശദീകരിക്കുന്നു: "ഈവിധം നാം നിങ്ങളെ ഒരു മധ്യമ സമുദായമാക്കിരിക്കുന്നു; നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളാകുന്നതിനുവേണ്ടി" (2:143). റോമാ– പേർഷ്യൻ യുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ വേണം ഈ 'മധ്യമസമുദായം' എന്ന പദപ്രയോഗത്തെ മനസ്സിലാക്കാൻ. പ്രസ്തുത രണ്ടു പക്ഷങ്ങളിലും ചേരാത്തതും ആധിപത്യത്തിനു വേണ്ടിയുള്ള രക്തച്ചൊരിച്ചിലിന് എതിരും ജനങ്ങൾക്ക് സമാധാനത്തിന്റെയും ശാന്തിയുടെയും മാർഗം കാണിച്ചുകൊടുക്കുന്നതുമായ ഒരു സമൂഹം എന്നാണതിന്റെ താൽപര്യം. പക്ഷേ പ്രസ്തുത സാമ്രാജ്യശക്തികൾക്കിടയിൽ താൽക്കാലികമായ ഒരൊത്തുതീർപ്പുണ്ടാക്കുന്ന മധ്യവർത്തികൾ എന്നല്ല അതുകൊണ്ടുദ്ദേശിക്കുന്നത്. ഇസ്‌ലാം ആ രണ്ടു വൻശക്തികളെയും നിഷേധിച്ചിരുന്നു. രണ്ടിന്റെയും അടിസ്ഥാനതത്ത്വങ്ങൾ ഭൗതികതത്വവും ബഹുദൈവത്വവുമായിരുന്നതുകൊണ്ട് രണ്ടിനും നിലനിൽക്കാൻ അവകാശമുണ്ടായിരുന്നില്ല. രണ്ടിന്റെയും ദൂഷ്യങ്ങൾ വർജിക്കുകയും നന്മകൾ സ്വായത്തമാക്കുകയും ചെയ്തു

കൊണ്ട് രണ്ടിന്റേതിൽനിന്നും ഭിന്നമായ മൗലിക സിദ്ധാന്തങ്ങളിലും ആത്മീയ മൂല്യങ്ങളിലും അധിഷ്ഠിതമായ ഒരു ശക്തിയുടെ ഉയിർത്തെഴുന്നേൽപായിരുന്നു അന്നാവശ്യം. മുഹമ്മദീയദൗത്യം ആ വിടവ് നികത്തി. അതുവഴി, ചൂഷണമർദനങ്ങളിലൂടെ ജനതതികളെ അടക്കിവാണിരുന്ന റോമാ-പേർഷ്യൻ സാമ്രാജ്യങ്ങൾ നാമാവശേഷമായി. ജനപദങ്ങൾ ഒന്നൊന്നായി മോചനം നേടി. ആ സ്വാതന്ത്ര്യം അവരുടെ പ്രജ്ഞക്കും പ്രതിഭക്കും ചൈതന്യമേകി. അവ തഴച്ചുവളർന്നു പൂത്തുലഞ്ഞു. ലോകം പുതിയൊരു നാഗരികതക്കും സംസ്കൃതിക്കും സാക്ഷികളായി. അറേബ്യൻ മരുഭൂമിയിൽ മുളച്ചുപൊങ്ങിയ ആ നാഗരികവൃക്ഷം ഇന്തോനേഷ്യ മുതൽ സ്പെയിൻ വരെയുള്ള ഭൂപ്രദേശങ്ങളിൽ പടർന്നുപന്തലിച്ചുനിന്നു.

## മുസ്‌ലിംകളുടെ അപചയം

കാലം മുന്നോട്ടുപോയി. ഇസ്‌ലാമിക സംസ്കാരം നൂറ്റാണ്ടുകൾ പലത് പിന്നിട്ടു. മുസ്‌ലിംകൾ തങ്ങളെ ലോകനായകരും സംസ്കാരത്തിന്റെ വിധാതാക്കളുമാക്കിയ സന്ദേശത്തിന്റെ പൊരുളവഗണിച്ചു. അത് മാറ്റമേതുമില്ലാതെ തടിച്ച ഗ്രന്ഥങ്ങളിൽ തടവിലായി. മുസ്‌ലിംകൾ സ്വയമറിയാതെ അക്ഷരങ്ങളുടെയും ക്ഷുദ്രമോഹങ്ങളുടെയും അടിമത്വത്തിലേക്കു നീങ്ങി. ഏറക്കുറെ അർഥം ചോർത്തപ്പെട്ട ലാഇലാഹ ഇല്ലല്ലായുമായാണ് അവർ യൂറോപ്പിൽ ചെന്നത്. അവരെ സംബന്ധിച്ചേടത്തോളം അത് ജനങ്ങളെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കാനുള്ള തത്വമെന്നതിലേറെ സാമ്രാജ്യത്തിന്റെ അതിർത്തികൾ വികസിപ്പിക്കാനുള്ള സൂത്രമായിരുന്നു. അതുകൊണ്ടുതന്നെ യൂറോപ്പിന് ആ മുദ്രാവാക്യം ഉൾക്കൊള്ളാനായില്ല. പക്ഷേ, ആ മുദ്രാവാക്യത്തിന്റെ തണലിൽ മുസ്‌ലിംകളാർജിച്ച നാഗരിക പുരോഗതി അവരെ ആകർഷിച്ചു. ആ പാരമ്പര്യം അവർ ഏറ്റെടുത്തു. അങ്ങനെ ഒമ്പതാം നൂറ്റാണ്ടിൽ മുസ്‌ലിംകളുടെ നേതൃത്വത്തിൽ നടക്കേണ്ടിയിരുന്ന ഫ്രഞ്ചുവിപ്ലവം 18-ാം നൂറ്റാണ്ടിൽ ഫ്രഞ്ചുകാർ സ്വയം നടത്തി. എട്ടാം നൂറ്റാണ്ടിൽ മുസ്‌ലിംകൾ ആരംഭിക്കേണ്ടിയിരുന്ന തൊഴിലാളികളുടെ വിമോചനം 19-ാം നൂറ്റാണ്ടിൽ കാറൽമാർക്സും ഫ്രെഡറിക് ഏംഗൽസും ചേർന്ന് ആരംഭിച്ചു.

മുസ്‌ലിംകളിൽനിന്ന് നാഗരികതയുടെ പാരമ്പര്യം ഏറ്റുവാങ്ങിയ യൂറോപ്പ് അതിനെ ഉത്തുംഗമായ ചന്ദ്രക്കലയിൽ നിന്നെടുത്തു കുരിശിൽ തറക്കുകയായിരുന്നു. അതിന് ആത്മീയതയുടെയും ഭക്തിയുടെയും ഭാഗങ്ങൾ വിനഷ്ടമായി. ഭൗതികതയും സ്വാർഥതയും അതിന്റെ ആത്മാവായിത്തീർന്നു. ഉൽപാദിപ്പിക്കുക, ഉപയോഗിക്കുക, സമ്പാദിക്കുക ഇതുമാത്രമായി അതിന്റെ ലക്ഷ്യം. ഉൽപന്നങ്ങൾ വർധിച്ചു. ഉപയോഗത്തിനുവേണ്ടി ഉൽപന്നം എന്നതു പോയി ഉൽപന്നത്തിനുവേണ്ടി ഉപയോഗം സൃഷ്ടിക്കുന്ന അവസ്ഥയിലെത്തി ആധുനിക യൂറോപ്പ്. ഉൽപന്നം വർധിക്കുന്തോറും മനുഷ്യൻ ഒറ്റപ്പെടുകയായിരുന്നു. അവൻ യന്ത്രങ്ങളുടെ അടിമയായി മാറിക്കൊണ്ടിരുന്നു. അതോടൊപ്പം അപരനെ തോൽപിക്കാനുള്ള അഭിവാഞ്ഛയും അക്രമവാസനയും വ്യഷ്ടിഗതമായും സമഷ്ടിഗതമായും വർധിച്ചു വന്നു.

## ചരിത്രത്തിന്റെ ആവർത്തനം

കാലചക്രം തിരിഞ്ഞ് തിരിഞ്ഞ് മധ്യ നൂറ്റാണ്ടുകളുടെ ആദ്യഘട്ടത്തിന്റെ സ്ഥാനത്തുതന്നെ എത്തിയിരിക്കുകയാണ്. അന്നു റോമും പേർഷ്യയുമായിരുന്നു വൻ ശക്തികളെങ്കിൽ ഇന്ന് ആ സ്ഥാനത്തു നിലകൊള്ളുന്നത് അമേരിക്കയും റഷ്യയുമാണ്. രണ്ടുകൂട്ടർക്കും വേണ്ടത് ലോകത്തിന്റെ ആധിപത്യമാണ്. ഇരുകൂട്ടരും അതിന് അവലംബിക്കുന്ന മാർഗം യുദ്ധവും ആയുധിയും. ഈ ലോകത്തെ പലവട്ടം ഭസ്മമാക്കാൻ പര്യാപ്തമായ ആയുധങ്ങളാണ് ഇരു ശക്തികളും കുന്നുകൂട്ടി വെച്ചിട്ടുള്ളത്. ഈ നിലക്കുനോക്കിയാൽ ആറാം നൂറ്റാണ്ട് അഭിമുഖീകരിക്കുന്നതിനെക്കാൾ ബീഭത്സമാണ് ഇരുപതാം നൂറ്റാണ്ട് അഭിമുഖീകരിക്കുന്ന ഭീഷണി. മുതലാളിത്തത്തിനോ കമ്യൂണിസത്തിനോ ഈ ഭീഷണിയെ ദൂരീകരിക്കാനാവില്ല. ക്രിസ്തുമതവും ജൂതമതവുമാകട്ടെ, ആറാം നൂറ്റാണ്ടിൽതന്നെ ഇക്കാര്യത്തിൽ പരാജയപ്പെട്ടു കഴിഞ്ഞതാണ്.

യൂറോപ്യൻ സംസ്കാരത്തിനൽനിന്ന് തന്നെ ഒരു പുതിയ ദർശനം ഉയർന്നു വരുമെന്നും പ്രതീക്ഷിക്കാനില്ല. യൂറോപ്യൻ ഭൗതിക സംസ്കാരത്തിന്റെ ഏറ്റവും പ്രഫുല്ലമായ കനികൾ ഫ്രഞ്ചുവിപ്ലവത്തിൽ ആവിഷ്കൃതമായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങളായിരുന്നു. പക്ഷേ, അവയൊന്നും ഒരു ദിവസം പോലും അവയുടെ പൂർണമായ അർഥത്തിൽ സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല എന്നതാണ് യാഥാർഥ്യം. ഏകാധിപത്യവാഴ്ചകൾക്ക് തെല്ലൊരു ശമനം വരുത്താൻ മാത്രമാണ് അവ മുഖേന സാധിച്ചിട്ടുള്ളത്. പടിഞ്ഞാറൻ നാഗരികതയുടെ ഒടുവിലത്തെ കനിയാണ് കമ്യൂണിസം. അതും ഒരിക്കലും പ്രായോഗികമായിട്ടില്ലെന്നും ഇനിയൊട്ട് പ്രായോഗികമാവുകയില്ലെന്നും കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ സമകാലിക ചരിത്രം അർഥശങ്കക്കിടയില്ലാത്തവിധം വിളിച്ചോതുന്നു.

കമ്യൂണിസ്റ്റ് ദർശനത്തിന്റെ ജനനത്തോടെ യൂറോപ്യൻ നാഗരികത വന്ധ്യയായിരിക്കുകയാണ്. ഹിപ്പിയിസവും എക്സിസ്റ്റൻഷ്യലിസവും പോലുള്ള വൃത്തികെട്ട ചാപ്പിള്ളകളെയാണ് പിന്നീടതു വിസർജിച്ചുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ ആധുനികലോകം നേരിടുന്ന വെല്ലുവിളിയെ ഫലപ്രദമായി നേരിടുവാൻ ഈ യൂറോപ്യൻ നാഗരികതക്കു സാധ്യമല്ല. കമ്യൂണിസവും മുതലാളിത്തവും ഇതേപടി ഏറെക്കാലം നിലനിൽക്കാനും പോകുന്നില്ല. ചില പാശ്ചാത്യൻ ചിന്തകന്മാർതന്നെ അക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ബർട്രൻഡ് റസ്സൽ പറയുകയുണ്ടായി: "വെളുത്ത മനുഷ്യന്റെ മേധാവിത്വം അവസാനിച്ചിരിക്കുന്നു. അവന്റെ ആധിപത്യം ശാശ്വതമാകണമെന്ന് ഒരു പ്രകൃതിനിയമമൊന്നുമില്ല. കഴിഞ്ഞ നാലു ശതകങ്ങളായി അവൻ ജീവിച്ചുപോന്ന സുന്ദരനാളുകളെ ഇനിയവൻ കണ്ടുമുട്ടുകയില്ലെന്നാണ് എന്റെ വിശ്വാസം."

ആധുനിക ലോകം അഭിമുഖീകരിക്കുന്ന പ്രതിസന്ധി തരണം ചെയ്യാൻ ആവശ്യമായിട്ടുള്ളത് മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും ദൂഷ്യങ്ങളിൽനിന്ന് മുക്തവും രണ്ടിന്റെയും നല്ല വശങ്ങൾ ഉൾക്കൊണ്ടതും രണ്ടും അവഗണിച്ച സനാതനമായ സത്യങ്ങളിലും ആധ്യാത്മികമായ മൂല്യങ്ങളിലും അധിഷ്ഠിതവുമായ ഒരു ജീവിതദർശനമാണ്. അത് ജീവിതത്തെ സമഗ്രമായി നിർവചിക്കുന്നതും പ്രപഞ്ചയാഥാർഥ്യത്തെയും മനുഷ്യനും പ്രപഞ്ചവും ദൈവവും തമ്മിലുള്ള ബന്ധത്തെയും വിശദീകരിക്കുന്നതുമായിരിക്കണം. മനുഷ്യന്റെ പെരുമാറ്റത്തിനും ചിന്തക്കും അത് മാർഗദർശകമാകണം. ഭൗതികവിഭവങ്ങളുടെ ശേഖരണത്തിനും വിതരണത്തിനും നിയമങ്ങൾ നൽകാനും അതിനു കഴിയണം. അതോടൊപ്പം മനുഷ്യജീവിതത്തിന് മഹത്തായ ഒരു ലക്ഷ്യം കാണിച്ചുകൊടുക്കുന്നതുമായിരിക്കണം അത്. അവന് ആദരിക്കാനും ആരാധിക്കാനും പ്രതീക്ഷകൾ അർപ്പിക്കാനും പ്രാർഥിക്കാനും സുശ

ക്തമായ ഒരവലംബം ആവശ്യമുണ്ട്. മനുഷ്യന് സ്വയം സമർപ്പിക്കാനും പ്രചോദനം നേടാനും ഉതകുന്നതായിരിക്കണം ആ ശക്തി. ഇങ്ങനെയുള്ള ഒരു ശക്തിയെ ചൂണ്ടിക്കാണിച്ചുകൊടുക്കുക കൂടി ചെയ്യുന്ന ഒരു ദർശനത്തിനേ മനുഷ്യനെ ഏകീകരിക്കാനും രക്ഷിക്കാനും കഴിയൂ.

### മുഹമ്മദ് നബിയുടെ പ്രസക്തി ആധുനിക യുഗത്തിൽ

ഇവിടെയാണ് മുഹമ്മദീയസന്ദേശത്തിന്റെ ആധുനിക പ്രസക്തി തെളിഞ്ഞുവരുന്നത്. ഇപ്പറഞ്ഞ ഗുണങ്ങളെല്ലാം തികഞ്ഞ ഒരു ജീവിതദർശനം മുഹമ്മദ് നബി (സ) അവതരിപ്പിച്ചതു മാത്രമേയുള്ളൂ. ആറാം നൂറ്റാണ്ടിലെന്നപോലെ, ഇരുപതാം നൂറ്റാണ്ടിലും രണ്ടു വൻശക്തികൾക്കും മധ്യേ, യാഥാർഥ്യനിഷ്ഠമായ മൗലിക സിദ്ധാന്തങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് മനുഷ്യജീവിതത്തെ സമഗ്രമായി നിർവചിക്കാനും മാർഗദർശനം ചെയ്യാനും അതിനു മാത്രമേ കഴിയൂ.

മുഹമ്മദ് നബി അവതരിപ്പിച്ച ദർശനം ലോകം മറന്നുപോയിട്ടില്ല. പുരോഹിതന്മാർ കൈകടത്തി വികൃതമാക്കിയിട്ടുമില്ല. അതവഗണിക്കപ്പെടുകയേ ചെയ്തിട്ടുള്ളൂ. പ്രവാചകസന്ദേശം അതിന്റെ തനിമയോടെ നിരവധി ഹൃദയങ്ങളിലും ഗ്രന്ഥത്താളുകളിലും രേഖപ്പെട്ടു കിടക്കുന്നുണ്ട്. അതിനാൽ ആ സന്ദേശം അനുസ്മരിപ്പിക്കാൻ ഇനിയൊരു പ്രവാചകന്റെ ആവശ്യമില്ല. പ്രവാചകൻ വരികയുമില്ല. ആ സന്ദേശം പുതുതായി വായിക്കുകയും അതിന്റെ ആഴത്തിലും പരപ്പിലും ഉൾക്കൊള്ളുകയുമാണ് ഇന്നാവശ്യം. ഈ അവഗണനയെക്കുറിച്ച് ബോധം ഉള്ളവരെല്ലാം അതിന് ചുമതലപ്പെട്ടവരാണ്.

അറേബ്യ ഇന്നും ലോകത്തിന്റെ മധ്യത്തിൽ തന്നെയാണ്. അവിടത്തെ ജനതകൾ ഇപ്പോഴും പണ്ടേപോലെ രണ്ടു ശക്തികൾക്കുമിടയിൽ മധ്യവർത്തികളാണ്. പണ്ടവർ കച്ചവടക്കാർ മാത്രമായിരുന്നുവെങ്കിൽ ഇന്നവർ സകല ലോകവിഭവങ്ങളുടെയും സ്രോതസ്സായ ഊർജത്തിന്റെ ഉടമകളാണ്. രണ്ടു ശക്തികളിലും അവർക്കു സ്വാധീനമില്ല. രണ്ടു ശക്തികൾക്കും അവരിൽ സ്വാധീനമുണ്ട്. പണ്ടെന്നപോലെ വൻശക്തികൾക്കിടയിൽ ഒരു മാതൃകാ സമൂഹം – മധ്യവർത്തി സമൂഹം– കെട്ടിപ്പടുക്കാൻ ഏറ്റവും പറ്റിയ അവസ്ഥയിൽ തന്നെയാണ് ഇന്നും അവർ. Whither Islam എന്ന പുസ്തകത്തിൽ പ്രഫ: ഗിബ്ബ് പറഞ്ഞു: "പാശ്ചാത്യ ലോകത്തിൽ ഇസ്‌ലാം ഇന്നും രണ്ടു വൻശക്തികൾക്കിടയിൽ മധ്യവർത്തിയായി നിലകൊള്ളുന്നു. അതെ, ഇസ്‌ലാം യൂറോപ്പിൽ ദേശീയത്വത്തിന്റെ അരാജകത്വത്തിനും റഷ്യൻ കമ്യൂണിസത്തിന്റെ പട്ടാള ചിട്ടക്കും എതിരിൽ യൂറോപ്പിലെയും റഷ്യയിലെയും സാമ്പത്തിക വ്യവസ്ഥകൾക്ക് വഴങ്ങാതെ നിലകൊള്ളുന്നു. ആ ജനത ഇനിയും ലാഇലാഹ ഇല്ലല്ലാഹ് ഉയർത്തിപ്പിടിക്കാൻ സന്നദ്ധരാകണം. യാചകന്റെ തളികയിൽ നാണയത്തുട്ടുകൾ വീഴ്ത്തുന്ന 'ലാ ഇലാഹ ഇല്ലല്ലാഹ്' അല്ല. ജലാലത്തുൽ മലിക്കുകളുടെ ആസനമുറപ്പിച്ചുകൊടുക്കുന്ന ലാഇലാഹ ഇല്ലല്ലാഹിയുമല്ല. മനുഷ്യനെ ഞെരിക്കുന്ന ചങ്ങലകൾ അറുത്തെറിയുന്ന, അശാന്തികളിൽനിന്നും സംഘർഷങ്ങളിൽനിന്നും മോചിപ്പിക്കുന്ന ലാഇലാഹ ഇല്ലല്ലാഹ്. എങ്കിൽ സാമ്രാജ്യത്വ സംഘർഷങ്ങൾ സ്വയം ലഘൂകരിക്കപ്പെടുകയും സാമ്രാജ്യങ്ങൾ ക്രമേണ പ്രശാന്തവും പ്രസാദാത്മകവുമായ ആ മാനുഷിക സംസ്കൃതിയുടെ ഭാഗമായിത്തീരുകയും ചെയ്യും.

കാരണം അതു മനുഷ്യന്റെ വികാരങ്ങളെയും വ്യാപാരങ്ങളെയും ശുദ്ധീകരിക്കുന്നു. മനുഷ്യനെ അവന്റെ യഥാർഥ സ്ഥാനത്ത് നിർത്തുന്നു. അവന്റെ ഉടമസ്ഥതാ മോഹത്തെയും അധികാര മോഹത്തെയും നിയന്ത്രിക്കുന്നു. ഉച്ചനീചത്വങ്ങളെയും ഭൂമിശാസ്ത്രപരമായ അതിർവരമ്പുകളെയും ഭാഷാ–വർണ വ്യത്യാസങ്ങളെയും ചൊല്ലിയുള്ള വിവേചനങ്ങളെയും നിഷേധിക്കുന്നു. മനുഷ്യരെയഖിലം ഒരേ മാതാപിതാക്കളുടെ സന്തതികളായി പരിഗണിക്കുകയും വിഭവങ്ങളും അവസരങ്ങളും തദനുസാരം വിഭജിക്കുകയും ചെയ്യുന്നു. എന്നാൽ അവസരസമത്വത്തിലോ സാമ്പത്തിക സമത്വത്തിലോ അത് മനുഷ്യപ്രകൃതിയുടെ സവിശേഷതകളെ അവഗണിക്കുന്നില്ല. അതിന്റെ നിലപാട് മുതലാളിത്തത്തിനും കമ്യൂണിസത്തിനും മധ്യത്തിലാണ്."

മെസ്സനൺ പറഞ്ഞു: "ഇസ്‌ലാമിക രാഷ്ട്രത്തിലെ ഓരോ അംഗവും, സമനിലയിൽ പൊതു ഭണ്ഡാരത്തിലേക്ക് സ്വത്ത് സംഭാവന ചെയ്യണമെന്ന പൊതു തത്ത്വത്തിൽ നിലകൊള്ളുന്നു. മാത്രമല്ല, അനിയന്ത്രിതമായ കൈമാറ്റത്തിനും ബാങ്ക് മൂലധനത്തിനും രാഷ്ട്രത്തിന്റെ കടമെടുപ്പിനും അത്യാവശ്യ സാധനങ്ങളിൽ പരോക്ഷ നികുതി ചുമത്തുന്നതിനുമെല്ലാം ഇസ്‌ലാം എതിരാണ്. പക്ഷേ, പിതാവിനും ഭർത്താവിനുമുള്ള അവകാശങ്ങൾ, സ്വകാര്യസ്വത്ത്, വ്യാവസായിക മൂലധനം എന്നിവയെ ഇസ്‌ലാം അംഗീകരിക്കുന്നുണ്ട്. ആ നിലക്ക് ഇസ്‌ലാം ബൂർഷ്വാ മുതലാളിത്ത സമ്പ്രദായത്തിന്റെയും ബോൾഷെവിക് കമ്യൂണിസ്റ്റ് തത്ത്വങ്ങളുടെയും ഇടക്ക് ഒരു മധ്യനിലയാണ് കൈക്കൊണ്ടിരിക്കുന്നത്."

ലക്ഷ്യമില്ലാതലയുന്ന ആധുനിക മനുഷ്യന് വ്യക്തമായ ഒരു ലക്ഷ്യം മുന്നിൽ വെച്ചുകൊടുക്കുക, ജീവിതത്തിന്റെ അർഥമറിയാതെ നിരാശയിലാണ്ടവർക്ക് പ്രതീക്ഷിക്കാൻ ഏറെയുള്ള അനന്തമായ പരലോക ജീവിതം ചൂണ്ടിക്കാണിച്ചുകൊടുക്കുക, ജീവിതത്തിന് സമഗ്രമായ ഒരു നിർവചനവും സ്പഷ്ടമായ ഒരു പ്രപഞ്ച വീക്ഷണവും മനസ്സിലാക്കിക്കൊടുക്കുക, സ്വയം സമർപ്പിക്കാനും ആരാധിക്കാനും പ്രാർഥിക്കാനും യഥാർഥവും ബലിഷ്ടവുമായ ഒരു അവലംബം കാണിച്ചുകൊടുക്കുക, ഭൗതിക വിഭവങ്ങളുടെ ശേഖരണത്തിനും വിതരണത്തിനും നീതിനിഷ്ഠമായ ഒരു സംവിധാനം നിർദേശിക്കുക– ഇതാണ് മുഹമ്മദീയ സന്ദേശത്തിന്റെ ഉള്ളടക്കം. ആധുനിക യുഗം ദാഹിച്ചുകൊണ്ടിരിക്കുന്നതും അതിനുവേണ്ടിത്തന്നെയാണ്. അവർ വ്യഗ്രതയോടെ പരതിക്കൊണ്ടിരിക്കുന്നത് അവരുടെ കാൽച്ചുവട്ടിൽ തന്നെയുണ്ട്. പക്ഷേ വിഷവും വെള്ളവും അവർക്ക് തിരിച്ചറിയാനാകുന്നില്ല.

ഈ സന്ദേശമാണ് ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഉയർത്തിപ്പിടിക്കുന്നത്. പക്ഷേ അവർ ശബ്ദം ഉയർത്തുമ്പോൾ മതമൗലിക വാദം, മതഭ്രാന്ത്, പിന്തിരിപ്പത്തം എന്നൊക്കെ മുറവിളി കൂട്ടിക്കൊണ്ട് അതിനെ പരാജയപ്പെടുത്താനുള്ള ഉത്സാഹമാണ് എങ്ങും ദൃശ്യമാകുന്നത്. മനുഷ്യരിൽ സ്വാധീനം നേടിയ പൈശാചിക ശക്തികളുടെ സമർഥമായ ഒരു തന്ത്രമാണിത്. ഈ ദുഷ്ട ശക്തികളെ തിരിച്ചറിയുന്നതിനെ ആശ്രയിച്ചിരിക്കുന്നു ആധുനിക മനുഷ്യന്റെ ഭാവി. ●